**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6509** **20-03-2023 - ൽ മറുപടിയ്ക്ക്**

**കേരളാ വാട്ടർ അതോറിറ്റി പുനഃസംഘടനയും നോൺ-പ്ലാൻ ഗ്രാൻഡ് കുടിശികയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരളാ വാട്ടർ അതോറിറ്റിയുടെ പുനഃസംഘടന നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റിയുടെ സർക്കിൾ ഓഫീസുകൾ റവന്യൂ ജില്ലയുടെ അടിസ്ഥാനത്തിലും, ഡിവിഷൻ ഓഫീസുകൾ മൂന്നോ നാലോ നിയമസഭാ മണ്ഡലത്തിന്റെ അടിസ്ഥാനത്തിലും, സെക്ഷൻ ഓഫീസുകൾ മൂന്നോ നാലോ പഞ്ചായത്തടിസ്ഥാനത്തിലും കണക്ഷനുകളുടെ അടിസ്ഥാനത്തിലുമാണ് പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ചെയർമാനായി സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | കേരളാ വാട്ടർ അതോറിറ്റിയുടെ നോൺ-പ്ലാൻ ഗ്രാൻഡ് കുടിശിക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ബി) | 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേരള വാട്ടർ അതോറിറ്റിക്ക് പദ്ധതിയേതര ഗ്രാന്റ് തുകയായി 353.16 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഇതുവരെ (17-03-2023 വരെ) 206.69 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ